# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *324 14.03.2018-ൽ മറുപടിക്ക്

## ഷുഹൈബിന്റെ വധത്തിൽ സി.ബി.ഐ. അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. കെ. സി. ജോസഫ്<br>ശ്രീ. പി. ടി. തോമസ്<br>ശ്രീ. വി. പി. സജീന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കണ്ണൂർ മട്ടന്നൂർ ബ്ലോക്ക് കോൺഗ്രസ് പ്രവർത്തകനായിരുന്ന ഷുഹൈബിന്റെ കൊലപാതകം സംബന്ധിച്ച് കേരള ഹൈക്കോടതി സർക്കാരിനെ വിമർശിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യം എന്തായിരുന്നു; | (എ) ഉത്തരമേഖലാ ഐ.ജിയുടെ മേൽനോട്ടത്തിൽ പ്രത്യേക അന്വേഷണസംഘത്തെ നിയോഗിക്കുകയും കേസിൽ പ്രതികളെ അറസ്റ്റ് ചെയ്യുകയും, കുറ്റകൃത്യത്തിന് ഉപയോഗിച്ച വാഹനവും ആയുധവും കണ്ടെത്തുകയും, മജിസ്ട്രേറ്റിനു മുമ്പാകെ തിരിച്ചറിയൽ പരേഡ് അടക്കം നടത്തുകയും ചെയ്ത സാഹചര്യത്തിൽ സി.ബി.ഐ അന്വേഷണം ഈ ഘട്ടത്തിൽ ആവശ്യമില്ലെന്നാണ് കോടതിയെ അറിയിച്ചത് |
| (ബി) ഈ കേസിൽ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജിയിൽ സർക്കാർ നിലപാട് അറിയിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |

| | |
|---|---|
| (സി) പ്രസ്തുത ഏജൻസി ഈ കേസ് അന്വേഷിച്ചാൽ ചില ഉന്നതർ കേസിൽ ഉൾപ്പെടുമെന്നതിനാലാണോ സി.ബി.ഐ. അന്വേഷണം ആവശ്യമില്ലെന്ന നിലപാട് സർക്കാർ സ്വീകരിച്ചത് എന്നറിയിക്കുമോ? | (സി) അല്ല. ഈ കേസിൽ പ്രതികളുടെ പങ്ക് മാത്രമാണ് ഇതുവരെയുള്ള പോലീസിന്റെ അന്വേഷണത്തിൽ നിന്ന് വെളിപ്പെട്ടിട്ടുള്ളത്. പ്രാദേശികമായി എടയന്നൂരിൽ നടന്ന സി.പി.ഐ (എം) - കോൺഗ്രസ് സംഘട്ടനത്തിന്റെ തുടർച്ചയായ രാഷ്ട്രീയ വിരോധമാണ് കൊലപാതകത്തിലേക്ക് നയിച്ചതെന്നാണ് അന്വേഷണത്തിൽ വ്യക്തമായത്. |

**സെക്ഷൻ ഓഫീസർ**